**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1383** **15-06-2012 - ലെ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജിൽ സംരക്ഷണഭിത്തികളുടെ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. ടി.എം.തോമസ്ഐസക്<br>ശ്രീ. സി. കെ. സദാശിവൻ<br>" ആർ. രാജേഷ്<br>പ്രൊഫ. സി.രവീന്ദ്രനാഥ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | കുട്ടനാട് പാക്കേജിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ, ചീഫ് സെക്രട്ടറി ചെയർമാനായ കോ-ഓർഡിനേഷൻ കമ്മിറ്റി, കാർഷികോത്പാദന കമ്മീഷണർ ചെയർമാനായ ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നീ ഉന്നത തല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ പ്രസ്തുത കമ്മിറ്റികൾ വിലയിരുത്തുന്നുണ്ട്. കൂടാതെ കേന്ദ്രത്തിലെയും സംസ്ഥാനത്തിലെയും ഉന്നത തല ഉദ്യോഗസ്ഥർ പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും പുരോഗതിക്കും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വൻക്രമക്കേടുകൾ നടക്കുന്നതായി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ് ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരത്തിൽ കോൺക്രീറ്റ്/സ്ലാബ് രീതിയിൽ സംരക്ഷണഭിത്തികൾ നിർമ്മിച്ചതിൽ ഉണ്ടായിട്ടുള്ള അപാകതകളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി) | കോൺക്രീറ്റ് / സ്ലാബ് രീതിയിൽ സംരക്ഷണ ഭിത്തികൾ നിർമ്മിച്ചതിനെക്കുറിച്ചുള്ള ആരോപണങ്ങൾ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അതാത് പ്രദേശത്തെ പാടശേഖര കമ്മിറ്റികളും കർഷകരുമായി ചർച്ച ചെയ്തശേഷം ആവശ്യമുള്ള ഭാഗങ്ങളിൽ മാത്രം പൈൽ ആന്റ് സ്ലാബ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**